# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 14**

---

## പി.ജി; അന്തിമ അലോട്ട്മെന്റ്; ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന്റെ(രണ്ടാം ഘട്ടം) രജിസ്ട്രേഷൻ ആരംഭിച്ചു.

ആദ്യ അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് ഓഗസ്റ്റ് 16 വരെ പുതിയതായി ഓപ്ഷൻ നൽകുയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതിയതായി അലോട്ട്മെന്റ് ലഭിച്ചതിനെത്തുടർന്ന് മുൻ പ്രവേശനം റദ്ദായവർ അതേ കോളജിലേക്കും പ്രോഗ്രാമിലേക്കും വീണ്ടും ഓപ്ഷൻ നൽകാൻ പാടില്ല.
(പി.ആർ.ഒ/39/739/2024)

## ഓണേഴ്സ് ബിരുദം; അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അന്തിമ അലോട്ടമെന്റ്(രണ്ടാം ഘട്ടം) പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ കോളജുകളുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 17ന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.
(പി.ആർ.ഒ/39/740/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ, ഐഎംസിഎ, (2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെന്ററി 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരിക്ഷകൾ ഓഗസ്റ്റ് 23 മുതൽ നടക്കും.
(പി.ആർ.ഒ/39/741/2024)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ് പിജിസിഎസ്എസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ജനുവരി 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ സമർപ്പിക്കാം

(പി.ആർ.ഒ/39/740/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിവോക്ക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ബിവോക്ക് ഫാഷൻ ടെക്നോളജി, ബിവോക്ക് ഫാഷൻ ടെക്നോളജി ആന്റ് മെർച്ചൻഡൈസിംഗ് (പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ജൂൺ 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എംഎ മ്യൂസിക്ക് വീണ (സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 19, 21, 22 തീയതികളിലായി തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/741/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**